**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6668** **11-11-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ സമൂഹത്തിന് തുല്യത ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ട്രാൻസ്ജെൻഡർ വിഭാഗത്തിന് സമൂഹത്തിലെ വിവിധ മേഖലകളിൽ തുല്യത ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമൂഹ്യ പുനരധിവാസം തുടങ്ങിയ മേഖലകളിൽ മാതൃകാപരമായ ഇടപെടൽ വകുപ്പ് നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് എല്ലാ യൂണിവേഴ്സിറ്റികളുടെയും ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ അധികമായി രണ്ട് സീറ്റുകൾ റിസർവ് ചെയ്തു നൽകുകയും ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകളിൽ ചേരുവാനുള്ള പ്രായപരിധി എടുത്തു മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളാ പി.എസ്.സി. മുഖേന നടത്തി വരുന്ന എല്ലാ മത്സര പരീക്ഷകളിലും ട്രാൻസ്ജെൻഡർ വിഭാഗത്തിനു അപേക്ഷിയ്ക്കുന്നതിലേയ്ക്കായി ട്രാൻസ്-ജെൻഡർ കോളം നൽകിയിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന സാമൂഹ്യ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും സേവനങ്ങളുടെ ലഭ്യതയും തുല്യ അവകാശങ്ങളും ഉറപ്പ് വരുത്തുന്നതിനും സമൂഹ നിർമ്മാണ പ്രക്രിയയുടെ ഭാഗമായി പ്രവർത്തിയ്ക്കുന്ന വിവിധ വിഭാഗം ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് ജില്ലാ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളും/ യൂണിവേഴ്സിറ്റികളും അവരുടെ അപേക്ഷകൾ/രേഖകൾ എന്നിവയിലും, സർക്കാരിന്റെ എല്ലാ ഔദ്യോഗിക അപേക്ഷാ ഫോമുകളിലും സ്ത്രീ/പുരുഷൻ എന്ന ഓപ്ഷനുകളോടൊപ്പം ട്രാൻസ് ജെൻഡർ എന്ന കോളം കൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യമായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | 5 വീതം സ്കൂളുകളും കോളേജുകളും തിരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും അനധ്യാപകർക്കും ലിംഗനീതി, സമത്വം, തുല്യത എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്. |
| (ബി) | ആർട്സ്, സ്പോർട്സ് മത്സരങ്ങളിൽ ആൺ-പെൺ വിഭാഗങ്ങൾക്കുള്ളതുപോലെ ട്രാൻസ്ജെൻഡറുകളെയും പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാംസ്കാരിക കലാ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനും കാലാകായികപരമായുള്ള കഴിവുകൾ വളർത്തുന്നതിനും ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, തുല്യ പങ്കാളിത്തത്തിനുള്ള അവസരം ഉറപ്പാക്കുന്നതിനും ട്രാൻസ്ജെൻർ നയം വ്യവസ്ഥ ചെയ്യുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സർവ്വകലാശാലകൾക്ക് കീഴിൽ നടക്കുന്ന ആർട്സ് ആൻഡ് സ്പോർട്സ് മത്സരങ്ങളിൽ ആൺ-പെൺ വിഭാഗങ്ങൾക്ക് ഉള്ളതുപോലെ ട്രാൻസ്ജെൻഡർ വ്യക്തികളെയും പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തി വരുന്നുണ്ട് |
| (സി) | ട്രാൻസ്ജെൻഡറുകളുടെ ലിംഗമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാ ചികിത്സകളും സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ആരോഗ്യ സേവനങ്ങൾ സംബന്ധിച്ചും ഏതെങ്കിലും ഒരു സർക്കാർ ആശുപത്രിയിൽ ഹോർമോൺ ചികിത്സ, ലിംഗമാറ്റ ശസ്ത്രക്രിയകൾ എന്നിങ്ങനെയുള്ള സംവിധാനം കൊണ്ടുവരുന്നത് സംബന്ധിച്ചും, ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിനും ഒരു വിദഗ്ധ സമിതി രൂപീകരിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ